# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:– എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം: കുടുംബശ്രീ സംസ്ഥാന മിഷൻ - സ്വയം സഹായ സംഘങ്ങൾക്കുള്ള പലിശ സബ്സിഡി -നഗരസഭകൾക്കുള്ള തുക സംസ്ഥാന മിഷനിൽ നിന്ന് അനുവദിച്ചു ഉത്തരവാകുന്നത്- സംബന്ധിച്ച്

പരാമർശം:

1. 21.12.2017–ലെ തിരുവനന്തപുരം നഗരസഭാ സിറ്റി പ്രോജക്ട് ഓഫീസറുടെ UPA1/67966/16 നമ്പർ കത്ത്
2. 18.12.2017–ലെ പുനലൂർ നഗരസഭാ സെക്രട്ടറിയുടെ H1-24424/17 നമ്പർ കത്ത്
3. 13.12.2017–ലെ കരുനാഗപ്പള്ളി നഗരസഭാ സെക്രട്ടറിയുടെ NULM/20295/17 നമ്പർ കത്ത്.
4. 08.11.2017–ലെ മാവേലിക്കര നഗരസഭാ സെക്രട്ടറിയുടെ CDS288/17 നമ്പർ കത്ത്.
5. 13.12.2017–ലെ അങ്കമാലി നഗരസഭാ സെക്രട്ടറിയുടെ Nil നമ്പർ കത്ത്
6. 18.12.2017–ലെ ഏലൂർ നഗരസഭാ സെക്രട്ടറിയുടെ H1-10499/16 നമ്പർ കത്ത്.
7. Nil തീയതിയി-ലെ കളമശ്ശേരി നഗരസഭാ സെക്രട്ടറിയുടെ Nil നമ്പർ കത്ത്.
8. 21.12.2017–ലെ മുക്കം നഗരസഭാ സെക്രട്ടറിയുടെ N1/12942/2017 നമ്പർ കത്ത്.
9. 27.12.2017–ലെ തിരൂർ നഗരസഭാ സെക്രട്ടറിയുടെ H3/22523/16 നമ്പർ കത്ത്.
10. 19.12.2017–ലെ ഇരിട്ടി നഗരസഭാ സെക്രട്ടറിയുടെ KNR/ITYM34/2017 നമ്പർ കത്ത്.
11. 15.12.2017–ലെ തളിപ്പറമ്പ നഗരസഭാ സെക്രട്ടറിയുടെ CDS/27465/15 നമ്പർ കത്ത്.

***<u>ഉത്തരവ് നമ്പർ 6394/F/2015/KSHO തീയതി 09/01/2018</u>***

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയം തൊഴിൽ ഘടക പദ്ധതി പ്രകാരം നഗരസഭകൾ വഴി, നഗര ദരിദ്രർക്ക് തങ്ങളുടെ താത്പര്യങ്ങൾക്കും അഭിരുചിക്കും അനുയോജ്യമായ രീതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നൽകുന്നതിനും ധനസഹായം ലഭ്യമാക്കുന്നതിനും, ടി പ്രവർത്തനങ്ങളിലൂടെ നഗര ദരിദ്രരെ സ്വയംപര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. ഇവയ്ക്കു പുറമെ, വ്യക്തിഗത സംരംഭങ്ങൾ, ഗ്രൂപ്പ് സംരംഭങ്ങൾ, സ്വയം സഹായ

സംഘങ്ങൾ, തെരുവ് കച്ചവടക്കാർ എന്നിവർക്ക് സാങ്കേതിക വിദ്യകൾ, വിപണന സേവനങ്ങൾ ലഭ്യമാക്കുകയെന്നതും ഈ ഘടകത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളാണ്.

സ്വയം സഹായ സംഘങ്ങളെ ബാങ്കുകളുമായി ബന്ധിപ്പിക്കുകയും അവർക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ തുറന്ന് നൽകുകയും അതുവഴി നിക്ഷേപ ബന്ധിത വായ്പകൾ എടുക്കുന്നതിന് സ്വയംസഹായ സംഘങ്ങളെ പ്രേരിപ്പിക്കുന്നതും എൻ.യു. എൽ.എം. പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്നാണ്. സ്വയം സഹായ സംഘങ്ങളുടെ/അയൽക്കൂട്ടങ്ങളുടെ നിക്ഷേപ തുകയുടെ നാലിരിട്ടിയിലധികം വായ്പ ബാങ്കുകൾക്ക് അനുവദിക്കാവുന്നതാണ്. ഇത് 01.07.2014 തീയതിയായി റിസർവ്വ് ബാങ്ക് പുറത്തിറക്കിയ മാസ്റ്റർ സർക്കുലറിൽ RPCD.FID.BC.NO.10/12.01.033/2013-14 വിശദമാക്കുന്നുണ്ട്. നഗരങ്ങളിലെ പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി എസ്.എച്ച്.ജി./അയൽക്കൂട്ടങ്ങളുടെ ബാങ്ക് വായ്പകളുടെ പലിശ, സബ്സിഡി ആയി ദേശീയനഗര ഉപജീവന മിഷൻ നൽകും. നഗരങ്ങളിലെ പാവപ്പെട്ട വരുടെ സ്വയംസഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ കൈപ്പറ്റുന്ന എല്ലാ ബാങ്ക് വായ്പകൾക്കും പലിശ സബ്സിഡി ബാധകമാണ്. ബാങ്കുകളിൽ അതത് കാലത്ത് നില വിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക. കൂടാതെ വായ്പ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്ന എല്ലാ വനിതാ സ്വയംസഹായ സംഘങ്ങൾക്കും 3% അധിക പലിശ കിഴിവ് അനുവദിക്കുന്നതാണ്.

സ്വയം സഹായസംഘങ്ങൾക്ക്/അയൽക്കൂട്ടങ്ങൾക്ക് വായ്പ/പലിശ സബ്സിഡി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ പ്രതിമാസം ബാങ്കുകൾ നഗരസഭകൾക്ക് കൈമാറുന്ന മുറയ്ക്ക് നഗരസഭകൾ ത്രൈമാസാടിസ്ഥാനത്തിൽ സബ്സിഡി തുക കണക്കാക്കി ബാങ്കുകൾക്ക് കൈമാറുന്നതാണ്. (ബാങ്കുകൾ സ്വയം സഹായ സംഘങ്ങളുടെ/അയൽക്കൂട്ടങ്ങളുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകുകയാണ് ചെയ്യേണ്ടത്). പലിശ കിഴിവ് ലഭിക്കേണ്ട എസ്.എച്ച്.ജി/അയൽക്കൂട്ടങ്ങളെ നിർണയിക്കുന്നതും തെരഞ്ഞെടുക്കുന്നതും നിരീക്ഷിക്കേണ്ടതും ബന്ധപ്പെട്ട നഗരസഭകളുടെ ചുമതലയാണ്. പലിശ സബ്സിഡിയായി നൽകേണ്ട തുക നഗരസഭകളിൽ ലഭ്യമാക്കിയിട്ടുള്ള എൻ.യു. എൽ.എം. ഫണ്ടിൽ നിന്നും Self Employment Programme എന്ന ശീർഷകത്തിൽ Interest Subsidy for SHG-Bank Linkage Loans (3.3) എന്ന ഉപശീർഷകത്തിൽ നിന്നുമാണ് വിനിയോഗിക്കേണ്ടത്. പലിശ സബ്സിഡി ത്രൈമാസാടിസ്ഥാനത്തിൽ നഗരസഭകൾ കണക്കാക്കി തുകയുടെ അംഗീകാരത്തിനായി സംസ്ഥാന മിഷനിൽ ലഭ്യമാക്കേണ്ടതാണ്. സംസ്ഥാന മിഷന്റെ പരിശോധനയ്ക്കും അംഗീകാരത്തിനും വിധേയമായി മാത്രമേ തുക ബാങ്കുകൾക്ക് അനുവദിക്കാവൂ. ബാങ്കുകൾ തുക

എസ്.എച്ച്.ജി/അയൽക്കൂട്ടങ്ങൾക്ക് കൈമാറുന്ന മുറയ്ക്ക് വിനിയോഗസർട്ടിഫിക്കറ്റ് സംസ്ഥാന മിഷന് ലഭ്യമാക്കേണ്ടതുമാണ്.

ഇപ്രകാരം പലിശ സബ്സിഡി അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി പരാമർശം (1) മുതൽ (11) വരെയുള്ള നഗരസഭകൾ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ താഴെപറയും പ്രകാരമുള്ള തുക അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

പരാമർശം (1) പലിശ സബ്സിഡിയിനത്തിൽ തിരുവനന്തപുരം നഗരസഭ വിതരണം ചെയ്യേണ്ട തുക നഗരസഭയിൽ ലഭ്യമായിട്ടുള്ള എൻയുഎൽഎം ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള അനുമതിയും പരാമർശം (2) മുതൽ (11) വരെയുള്ള നഗരസഭകൾക്ക് കുടുംബശ്രീ സംസ്ഥാന മിഷനിൽ നിന്ന് തുക അനുവദിച്ചും ഉത്തരവാകുന്നു:-

| ക്രമ നം. | നഗരസഭ | തുക അനുവദിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | അനുവദിക്കുന്ന തുക (രൂപ) | അക്കൗണ്ട് നമ്പർ & ബാങ്ക് വിവരം | റിമാർക്ക് |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 54 | 1099142 | NULM A/C. | തിരുത്തൽ വരുത്തിയ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നു |
| 2. | പുനലൂർ | 54 | 465745 | ICICI Bank,Punalur A/c No-163601000472, NULM Punalur Municipality, IFSC CODE-ICIC 0001636 | |
| 3. | കരുനാഗപ്പള്ളി | 72 | 758189 | 2896101011517, Canara bank, NULM karunagapally, Karunagapally, CNRB0002896 | തിരുത്തൽ വരുത്തിയ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നു |
| 4. | മാവേലിക്കര | 49 | 221657 | 917010001273485, Secretary(NULM) mavelikara municipality, Axis bank mavelikara, UTIB0000869 | തിരുത്തൽ വരുത്തിയ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നു |
| 5. | അങ്കമാലി | 46 | 141064 | 074201000768, City mission management unit NULM Angamali Municipality, ICICI bank, Angamali, ICIC0000742 | തിരുത്തൽ വരുത്തിയ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നു |
| 6. | ഏലൂർ | 17 | 102277 | 345202010020426, NULM Eloor Municipality, Union bank of india ,manjummel, UBIN0534528 | |

| | | | | | |
|---|---|---|---|---|---|
| 7. | കളമശ്ശേരി | 93 | 784449 | 550402010015255, Kalamaserry municipality, Union bank of india ,Kalamassery, ifsc-UBINO555045 | തിരുത്തൽ വരുത്തിയ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നു. |
| 8. | മുക്കം | 76 | 439243 | 265401000321, Secretary Mukkom Municipality NULM, ICICI bank, Mukkom, ICIC0002654 | തിരുത്തൽ വരുത്തിയ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നു. |
| 9. | തിരൂർ | 70 | 425352 | 045400101007525, national Urban Livelihood Mission, Corporation bank tirur, ifsc-CORP0000454 | |
| 10. | ഇരിട്ടി | 29 | 238432 | 266001000408, Secretary Iritty Municipality NULM, ICICI, Keezhur , Iritty, ICIC0002660 | തിരുത്തൽ വരുത്തിയ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നു. |
| 11. | തളിപ്പറമ്പ | 26 | 141442 | No. 1806102000000602, NULM Thaliparamba Municipality, IDBI Bank Thaliparamba, IBKL0001806 | |
| ആകെ | | | 4816992 | | |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർക്ക്
3. ബന്ധപ്പെട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്ക്

പകർപ്പ്

1. ബന്ധപ്പെട്ട സിറ്റി പ്രോജക്ട് ഓഫീസർമാർക്ക്
2. ബന്ധപ്പെട്ട സിറ്റി മിഷൻ മാനേജർമാർക്ക്
3. ബന്ധപ്പെട്ട സിഡിഎസ് ചെയർപേഴ്സൺമാർ (സി.എം.എം മുഖേന)
4. കരുതൽ / അധികം

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ